(ഡി) ബാധകമല്ല.

(ഇ & എഫ്) ഇതു സംബന്ധിച്ച വിശദാംശങ്ങൾ സമാഹരിച്ച് നൽകുന്നതാണ്.

(ജി) കെ. ഇ. ആർ. സമഗ്രമായി പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിച്ച സമിതി താമസിയാതെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. സമിതിയുടെ ശുപാർശ പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ

58 (2933) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ഈ വർഷം അപേക്ഷ ക്ഷണിച്ചിരുന്നുവോ ;

(ബി) ഇതനുസരിച്ച് എത്ര അപേക്ഷകൾ ലഭിച്ചു ;

(സി) ഇതിൽ ന്യൂനപക്ഷ സമുദായങ്ങളുടെ സ്കൂൾ മാനേജ്മെന്റുകൾ എത്ര അപേക്ഷകൾ സമർപ്പിച്ചു ;

(ഡി) അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിൽ ഏതെല്ലാം വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയപാർട്ടികളും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) ഈ മേഖലയിൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 157 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ 157 അപേക്ഷകളിൽ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട മാനേജ്മെന്റിന്റെ 98 അപേക്ഷകളും മുസ്ലീം സമുദായത്തിന് 18 അപേക്ഷകളും, ബാക്കിവരുന്ന 41 അപേക്ഷകൾ ഹിന്ദുസമുദായത്തിന്റേതുമാണ്.

(ഡി) അൺഎയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടൂ കോഴ്സ് അനുവദിക്കുന്നതിനെതിരെ രാഷ്ട്രീയ പാർട്ടികളുടേയോ വിദ്യാർത്ഥി സംഘടനകളുടേയോ രേഖാമൂലമുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തല്ക്കാലം ഈ അപേക്ഷകൾ പരിഗണിക്കുന്നില്ല.

ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനം

59 (2934) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സർവ്വീസുമുള്ള അദ്ധ്യാപകരെ സീനിയോറിറ്റി നോക്കാതെ തന്നെ ഹെഡ്മാസ്റ്റർമാരായി നിയമിക്കുന്നതിനുള്ള അധികാരം മാനേജ്മെന്റിന് ഉണ്ടെന്ന സുപ്രീംകോടതി വിധി വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ബത്തേരിയിലെ അസംപ്ഷൻ ഗേൾസ് ഹൈസ്കൂളിന് ബാധകമാണോ ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിൽ ഹെഡ്മിസ്ട്രസ് ആയി നിയമിതയായ റവ: സിസ്റ്റർ അന്നമ്മയുടെ നിയമനത്തിന് ഗവൺമെന്റ് അംഗീകാരം നിരസിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇവരുടെ നിയമനം നിരസിച്ചത് പുനഃപരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ബത്തേരിയിലെ അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ മാനന്തവാടി രൂപത സ്ഥാപിച്ചതല്ല. മറിച്ച് കൈമാറ്റം ചെയ്ത് കിട്ടിയതാണ്. പ്രസ്തുത സ്കൂൾ ന്യൂനപക്ഷ സമുദായം സ്ഥാപിച്ചതാണെന്ന് തെളിയിക്കാനുള്ള രേഖകൾ ഒന്നും തന്നെ മാനേജ്മെന്റ് ഹാജരാക്കാത്തതിനാൽ ഇതു സംബന്ധിച്ച് സുപ്രീം കോടതി ഉത്തരവ് ടി സ്കൂളിന് ബാധകമല്ല. സിസ്റ്റർ അന്നമ്മയേക്കാൾ സീനിയറും ഹെഡ്മാസ്റ്റർ പദവിക്ക് യോഗ്യതയുമുള്ള എച്ച്. എസ്. എ. മാർ സർവീസിൽ ഉണ്ട്. ഈ സാഹചര്യത്തിലാണ് സിസ്റ്റർ അന്നമ്മയ്ക്ക് ഹെഡ്മിസ്ട്രസ്സായി പ്രൊമോഷൻ നൽകിയത് അംഗീകരിക്കാതിരുന്നത്.

(സി) മേൽ തീരുമാനം പുനഃപരിശോധിക്കണമെന്ന മാനേജരുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ്

60 (2935) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ് സർക്കാർ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly